# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5153 26.03.2018 ൽ മറുപടിക്ക്**

**പ്രതീക്ഷ ബസ്സ് ഷെൽട്ടർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ അംഗീകൃത ബസ് സ്റ്റോപ്പുകളിൽ ആധുനിക രീതിയിലുള്ള ബസ്സ് ഷെൽട്ടർ നിർമ്മിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പ്രതീക്ഷ ബസ്സ് ഷെൽട്ടർ എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | എ) 27.02.2013-ാം തീയതിലെ GO(Ms) No.19/2013/പൊമവ പ്രകാരം പ്രതീക്ഷ ബസ് ഷെൽട്ടർ എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിരുന്നു. |
| ബി) പ്രസ്തുത കമ്പനി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദീകരിക്കുമോ? | ബി) കമ്പനി പ്രവർത്തിക്കുന്നുണ്ട്. പ്രധാനമായും മൂന്ന് രീതികളിലാണ് ബസ് ഷെൽട്ടറുകളുടെ നിർമ്മാണം കമ്പനി നിർവ്വഹിക്കുന്നത്.<br>1. എം.എൽ.എ എ.ഡി.എസ് - എസ്.ഡി.എഫ് / എം.പി എൽ.എ.ഡി ഫണ്ട് ഉപയോഗിച്ച് തെരഞ്ഞെടുക്കപ്പെട്ട ഒരു ഏജൻസി മുഖാന്തിരം നടത്തുന്ന പ്രവൃത്തികൾ.<br>2.എം.എൽ.എ എ.ഡി.എസ് -എസ്.ഡി.എഫ് / എം.പി എൽ.എ.ഡി ഫണ്ട് ഉപയോഗിച്ച് മത്സരസ്വഭാവത്തിലുള്ള ടെണ്ടറുകൾ ക്ഷണിച്ച് നടത്തുന്നവ.<br>3.PPP mode-സ്വകാര്യ മേഖലയുടെയും കൂടി പങ്കാളിത്തത്തോടെ സ്വയംപര്യാപ്തമായി പ്രവർത്തിക്കാൻ കഴിയുന്നവ. ഈ വിഭാഗത്തിൽ നിർമ്മിക്കപ്പെട്ടതും പരിപാലിക്കപ്പെടുന്നതുമായ ബസ് ഷെൽട്ടറിൽ പതിക്കുന്ന പരസ്യങ്ങളാണ് കമ്പനിയുടെ പ്രധാന വരുമാന സ്രോതസ്. ഇത്തരത്തിൽ 84 ബസ് ഷെൽട്ടറുകൾ ഇപ്പോൾ കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി കമ്പനി പരിപാലിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ